പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2916 — 10.03.2017 ൽ മറുപടിയ്ക്ക്

<u>പാലം നിർമ്മാണ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാലങ്ങളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് പരിഷ്കരിച്ച ലാന്റ് അക്വിസിഷൻ ആക്ട് 2013 ൽ നിലവിൽ വന്നെങ്കിലും ഇത് സംബന്ധിച്ച ചട്ടങ്ങൾ 2015 ൽ ആണ് പ്രാബല്യത്തിൽ വന്നത്. ആയതു പ്രകാരം സ്ഥലം ഏറ്റെടുക്കുന്ന പ്രദേശത്ത് ഒഴിപ്പിക്കേണ്ട ആളുകളുടെ പുനരധിവാസം ഒരു പ്രധാന നിയമമായി R & R (Rehabilitation & Re-settlement Package) ഉൾപ്പെട്ടിട്ടുള്ളതിനാൽ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച കാലതാമസം നിലവിൽ വന്നിട്ടുണ്ട്. ഈ നിയമങ്ങൾ എല്ലാസ്ഥലമേറ്റെടുക്കലുകൾക്കും ബാധകമായതിനാൽ പാലങ്ങൾക്കു മാത്രമായി പ്രത്യേക ഉത്തരവുകൾ ഒന്നും തന്നെയില്ല. |
| (ബി) പരിഷ്കരിച്ച മാനദണ്ഡങ്ങൾ മൂലം പാലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പരിഷ്കരിച്ച മാനദണ്ഡങ്ങൾ മൂലം പാലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് പ്രസ്തുത പരിഷ്കാരങ്ങൾ മൂലം നിർത്തിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) ഏറനാട് മണ്ഡലത്തിലെ മൈത്രക്കടവ്, ചിറപ്പാലം എന്നീ പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഡയറക്ട് പർച്ചേസ് പ്രകാരം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. പ്രവൃത്തി പുരോഗമിക്കുന്ന |

[redacted] [redacted] [redacted]

പെരുങ്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളിലെ അവ്യക്തത കാരണം തുടർ നടപടി തുടങ്ങിയിട്ടില്ല.

| | |
|---|---|
| (ഡി) ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രാധാന്യം പരിഗണിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനും പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും ആവശ്യമായ പുതിയ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) നിലവിൽ 2013 ലെ ആക്ട് പ്രകാരമോ അഥവാ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമോ മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയൂ. എന്നാൽ ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക്, സ്ഥലം ആവശ്യമായി വരികയാണെങ്കിൽ അത് ഏറ്റെടുക്ക ന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ജനപ്രതിനിധികൾ സഹകരി ക്കുന്ന പക്ഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയും. ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കലിന് സർക്കാർ ശ്രമിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**